LBRD-C2/30/2026

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യവസായിക പരിശീലനം - സംസ്ഥാന യുവജനോത്സവത്തിൽ വിജയികളായതിന്റെ സർട്ടിഫിക്കറ്റുകൾ ഐ.ടി.ഐ കളിൽ അഡ്മിഷൻ സമയം ഹാജരാക്കുന്ന അപേക്ഷകരിൽ A ഗ്രേഡ് ലഭിച്ചവർക്ക് 10 മാർക്കും, B ഗ്രേഡ് ലഭിച്ചവർക്ക് 5 മാർക്കും അനുവദിച്ച് നൽകുന്നതിനും പ്രോസ്പെക്ടസിൽ അപ്രകാരം ഭേദഗതി വരുത്തുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.943/2026/LBR തീയതി,തിരുവനന്തപുരം, 01-09-2026

---

പരാമർശം:-

1. 30.04.2025 തീയതിയിലെ മൂന്നാമത് SSDEC യോഗതീരുമാനം.
2. ട്രെയിനിംഗ് ഡയറക്ടറുടെ 06/02/2026 ലെ ഡി.റ്റി/6256/2025-സി1 നമ്പർ കത്ത്

<u>ഉത്തരവ്</u>

സർക്കാർ ഐടിഐകളിൽ അഡ്മിഷന് സംസ്ഥാന യുവജനോത്സവ വിജയികൾക്ക് Percentage grace മാർക്ക് അനുവദിച്ച് നൽകുന്ന രീതി ഒഴിവാക്കി A ഗ്രേഡ് ലഭിച്ചവർക്ക് 10 മാർക്ക്, B ഗ്രേഡ് ലഭിച്ചവർക്ക് 5 മാർക്ക് അനുവദിച്ച് നൽകണമെന്നത് പരാമർശം 1 പ്രകാരമുള്ള State Skill Development & Entrepreneurship Committee (SSDEC) യോഗം പരിശോധിക്കുകയും, അഡ്മിഷൻ സമയം സംസ്ഥാന യുവജനോത്സവത്തിൽ വിജയികളായതിന്റെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന അപേക്ഷകരിൽ A ഗ്രേഡ് ലഭിച്ചവർക്ക് 10 മാർക്കും B ഗ്രേഡ് ലഭിച്ചവർക്ക് 5 മാർക്കും അനുവദിച്ച് നൽകുന്നതിനും, അപ്രകാരം സർക്കാർ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ ഭേദഗതി വരുത്തുന്നതിനുമുള്ള അനുമതി നൽകണമെന്ന് പരാമർശം 2 ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ സമയം സംസ്ഥാന യുവജനോത്സവത്തിൽ വിജയികളായതിന്റെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന അപേക്ഷകരിൽ A ഗ്രേഡ് ലഭിച്ചവർക്ക് 10 മാർക്കും, B ഗ്രേഡ് ലഭിച്ചവർക്ക് 5 മാർക്കും അനുവദിച്ചുകൊണ്ടും സർക്കാർ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ അപ്രകാരം ഭേദഗതി വരുത്തുന്നതിനുമുള്ള അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LEENA LITTY D

അഡിഷണൽ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.



File No. DT/6256/2025-C1 (Computer No. 805736)

Generated from eOffice by RENJITH G R, JS (C)- DTTVPM, JS(C) DTTVPM, INDUSTRIAL TRAINING DEPARTMENT on 16/09/2026 02:57 PM

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
Usha Rani L
Date: 01-09-2026
14:37:40
സെക്ഷൻ ഓഫീസർ

പകർപ്പ് -ബഹു.വനം-വന്യജീവി, നൈപുണ്യ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

**മേലെഴുത്ത് : DT/6256/2025-C1 തീയതി :16-09-2026**

സർക്കാർ ഐടിഐകളിലേക്കുള്ള അഡ്മിഷന്, സംസ്ഥാന യുവജനോത്സവത്തിൽ വിജയികളായതിന്റെ സർട്ടിഫിക്കറ്റുകൾ ഹാജരാക്കുന്ന അപേക്ഷകരിൽ **A** ഗ്രേഡ് ലഭിച്ചവർക്ക് **10** മാർക്ക്, **B** ഗ്രേഡ് ലഭിച്ചവർക്ക് **5** മാർക്ക് എന്നിവ അനുവദിച്ച് കൊണ്ടും സർക്കാർ ഐ ടി ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ ഭേദഗതി വരുത്തുന്നതിനുള്ള അനുമതി നൽകിക്കൊണ്ടുമുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കായി ഇതോടൊപ്പം നൽകുന്നു.

Digitally signed by
D MENEKSH PRASAD
Date: 16-09-2026
14:40:19

**D MENEKSH PRASAD**
അഡീഷണൽ ഡയറക്ടർ

സ്വീകർത്താവ്: എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പൽമാർക്കും. (വകുപ്പ് വെബ്സൈറ്റ് മുഖേന പ്രസിദ്ധീകരണത്തിനായി)
പകർപ്പ്: ജോയിന്റ് ഡയറക്ടർ, മേഖല കേന്ദ്രം, കണ്ണൂർ.